**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3422** **14-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ഫ്ലവർ ഷോയും വിജിലൻസ് പരിശോധനയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ അടുത്തകാലത്ത് കാസർഗോഡ് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസറുടെ കാര്യാലയത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പരിശോധന ഉണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ടായിരുന്നു. |
| (ബി) | പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കാസർഗോഡ് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ സെക്രട്ടറിയായുള്ള അഗ്രി.ഹോർട്ടി സൊസൈറ്റിയുടെ പ്രവർത്തനത്തിൽ ബൈലോയിൽ പറഞ്ഞ വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അഗ്രി.ഹോർട്ടി സൊസൈറ്റി മതിയായ മാനദണ്ഡങ്ങൾ പാലിക്കാതെയും ഫണ്ട് കണ്ടെത്താതെയും ആണ് ബേക്കൽ ബീച്ചിൽ പുഷ്പ ഫല മേള നടത്തിയത്. പുഷ്പ ഫല മേളയുടെ വരവ് ചെലവ് കണക്ക് കൃത്യമായി എഴുതി സൂക്ഷിച്ചതായി പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. അഗ്രി.ഹോർട്ടി സൊസൈറ്റിയുടെ മെമ്പർഷിപ്പ് വിതരണത്തിലും മെമ്പർഷിപ്പ് സ്വീകരിച്ചതിലും അപാകതകൾ കണ്ടെത്തിയിട്ടുള്ളതാണ്. പുഷ്പ ഫല മേളയുടെ സാമ്പത്തിക നഷ്ടം നികത്തുന്നതിനായി മെമ്പർഷിപ്പ് സ്വീകരിച്ചതിൽ നിന്നും ലഭിച്ച തുക വിനിയോഗിച്ചതായും കണ്ടെത്തിയിട്ടുണ്ട്. |
| (സി) | അഗ്രിക്കൾച്ചർ ഡിപ്പാർട്മെന്റ് എപ്പോഴെങ്കിലും കാസർഗോഡ് ഫ്ലവർ ഷോ നടത്തിയിരുന്നോ; | (സി) | ഇല്ല |
| (ഡി) | എങ്കിൽ പ്രസ്തുത ഫ്ലവർ ഷോ ആരാണ് സംഘടിപ്പിച്ചതെന്നും ഇതിനുള്ള ചെലവ് എങ്ങനെയാണ് കണ്ടെത്തിയതെന്നും വ്യക്തമാക്കാമോ; | (ഡി) | ബേക്കൽ ഫെസ്റ്റിനോടനുബന്ധിച്ച് അഗ്രി ഹോർട്ടി സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രദേശത്തെ ജനപ്രതിനിധികളുടേയും പൊതുപ്രവർത്തകരുടേയും പങ്കാളിത്തത്തോടുകൂടി രൂപീകരിച്ച കമ്മിറ്റിയാണ് 2019 ഡിസംബർ 24 മുതൽ 2020 ജനുവരി 1 വരെ കാർഷിക പുഷ്പ-ഫല-സസ്യമേള സംഘടിപ്പിച്ചത്. |

| | | | |
|---|---|---|---|
| | | | ഇതിനുള്ള ചെലവുകൾ, മെമ്പർഷിപ്പ് ഫീസ്, സ്പോൺസർഷിപ്പ്, സ്റ്റാൾ വാടക, എൻട്രി ഫീ എന്നീ ഇനങ്ങളിലായാണ് കണ്ടെത്താൻ ഉദ്ദേശിച്ചിരുന്നത്. |
| (ഇ) | ഫ്ലവർ ഷോ നടത്തിയ വകയിൽ ഉണ്ടായ കടം തീർക്കാൻ കർഷകരിൽ നിന്ന് 5.52 ലക്ഷം രൂപ പിരിച്ചെടുത്തതായി വിജിലൻസ് കണ്ടെത്തിയതായ വാർത്ത ശരിയാണോ എന്ന് വ്യക്തമാക്കാമോ; | (ഇ) | സർക്കാർ പരിശോധിക്കുന്നതാണ്. |
| (എഫ്) | ഫ്ളവർ ഷോ നടത്തിയതും അതുമൂലം ഉണ്ടായ കടം തീർക്കുന്നതിന് കർഷകരിൽ നിന്ന് പണപ്പിരിവ് നടത്തിയതും നിയമാനുസൃതമാണോ; അല്ലായെങ്കിൽ വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എഫ്) | സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ